**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 258** **11-03-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾവഴി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ കഴിയുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>തനതു ഫണ്ടിൽ നിന്നും, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ബോർഡുകളായ കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരളാ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരളാ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ,കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡ്, കേരള ഷോപ്സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം ഒഴികെയുള്ളവർ) എന്നീ ബോർഡുകൾ കുടിശ്ശികയില്ലാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്.<br><br>കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ അനുവദിക്കുന്നില്ല. മറ്റ് ആനുകൂല്യങ്ങൾ കുടിശ്ശികയില്ല.<br><br>സർക്കാർ സഹായത്തോടെ, സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളായ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്(സ്കാറ്റേർഡ്), |

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായിട്ടുണ്ട്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അധിവർഷാനുകൂല്യ വിതരണത്തിനായി സർക്കാർ ബജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ചും ബോർഡിന്റെ തനത് വരുമാനം ഉപയോഗിച്ചും 60 വയസ്സ് കഴിഞ്ഞ് ബോർഡിൽ നിന്നും പിരിഞ്ഞ കർഷക തൊഴിലാളികൾക്കുള്ള അധിവർഷാനുകൂല്യം വിതരണം ചെയ്തു വരുന്നു. വിവാഹ ധനസഹായ അപേക്ഷകൾ ബോർഡിന്റെ തനത് വരുമാനം ഉപയോഗിച്ചും പ്രസവ ധനസഹായ അപേക്ഷകൾ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്ത് നൽകുന്ന തുക ഉപയോഗിച്ചും വിതരണം ചെയ്തു വരുന്നു .

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ സെസ്സ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒക്യുപെൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് മുൻപ് സെസ്സ് ഒടുക്കിയിരിക്കണമെന്ന നിബന്ധനയുള്ളതിനാൽ നിലവിൽ സെസ്സ് പിരിവിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇപ്രകാരം സെസ്സ് പിരിവ് വർദ്ധിക്കുന്ന മുറയ്ക്ക് ബോർഡിൽ നിന്നും കുടിശ്ശികയടക്കമുള്ള ആനുകൂല്യ ങ്ങളെല്ലാം വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്.

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2024 ഡിസംബർ മുതൽ 2025ഫെബ്രുവരി വരെയുള്ള പെൻഷൻ തുക കുടിശ്ശികയാണ് . ബോർഡിൽ പെൻഷൻ വിതരണം പൂർണ്ണമായും സർക്കാർ ധനസഹായത്തോട്ടു കൂടിയാണ് നൽകുന്നത്. കൂടാതെ ആവശതാ പെൻഷൻ ഇനത്തിൽ 2023 ഒക്ടോബർ-നവംബർ-ഡിസംബർ, 2024 ജനുവരി എന്നീ മാസങ്ങളിലെയും 2024 ആഗസ്റ്റ് മുതൽ 2025 ഫെബ്രുവരി വരെയുമുള്ള മാസങ്ങളിലെയും കുടിശ്ശിക നൽകാനുണ്ട്. ഈ ഇനത്തിൽ വിതരണം നടത്തുന്നതിനുള്ള തുക പൂർണ്ണമായും സർക്കാർ ധനസഹായത്തോട്ടുകൂടിയാണ് നൽകു ന്നത്.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് 2024 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യാനുണ്ട് .

| | | | |
|---|---|---|---|
| | | | സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളിൽ നിലവിൽ മൂന്ന് മാസത്തെ പെൻഷൻ തുകയാണ് കുടിശ്ശിക ആയി അനുവദിക്കാനുള്ളത്. ബഹു മുഖ്യമന്ത്രിയുടെ ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ടി കുടിശ്ശിക 2025-26 സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കുടിശ്ശികയുള്ള ബോർഡുകളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങളുടെ കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട്.<br><br>തനതു ഫണ്ടിൽ നിന്നും, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ബോർഡുകളായ കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരളാ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരളാ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ,കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡ്, കേരള ഷോപ്പ്സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം ഒഴികെയുള്ളവർ) എന്നീ ബോർഡുകൾ കുടിശ്ശികയില്ലാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്.<br><br>കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ അനുവദിക്കുന്നില്ല. മറ്റ് ആനുകൂല്യങ്ങൾ കുടിശ്ശികയില്ല.<br><br>സർക്കാർ സഹായത്തോടെ, സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളായ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്(സ്കാറ്റേർഡ്), കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായിട്ടുണ്ട്. |

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അധിവർഷാനുകൂല്യ വിതരണത്തിനായി സർക്കാർ ബജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ചും ബോർഡിന്റെ തനത് വരുമാനം ഉപയോഗിച്ചും 60 വയസ്സ് കഴിഞ്ഞ് ബോർഡിൽ നിന്നും പിരിഞ്ഞ കർഷക തൊഴിലാളികൾക്കുള്ള അധിവർഷാനുകൂല്യം വിതരണം ചെയ്തു വരുന്നു. വിവാഹ ധനസഹായ അപേക്ഷകൾ ബോർഡിന്റെ തനത് വരുമാനം ഉപയോഗിച്ചും പ്രസവ ധനസഹായ അപേക്ഷകൾ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്ത് നൽകുന്ന തുക ഉപയോഗിച്ചും വിതരണം ചെയ്തു വരുന്നു .

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ സെസ്സ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒക്യുപെൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് മുൻപ് സെസ്സ് ഒടുക്കിയിരിക്കണമെന്ന നിബന്ധനയുള്ളതിനാൽ നിലവിൽ സെസ്സ് പിരിവിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇപ്രകാരം സെസ്സ് പിരിവ് വർദ്ധിക്കുന്ന മുറയ്ക്ക് ബോർഡിൽ നിന്നും കുടിശ്ശികയടക്കമുള്ള ആനുകൂല്യ ങ്ങളെല്ലാം വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്.

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2024 ഡിസംബർ മുതൽ 2025ഫെബ്രുവരി വരെയുള്ള പെൻഷൻ തുക കുടിശ്ശികയാണ് . ബോർഡിൽ പെൻഷൻ വിതരണം പൂർണ്ണമായും സർക്കാർ ധനസഹായത്തോട്ടു കൂടിയാണ് നൽകുന്നത്. കൂടാതെ ആവശതാ പെൻഷൻ ഇനത്തിൽ 2023 ഒക്ടോബർ-നവംബർ-ഡിസംബർ, 2024 ജനുവരി എന്നീ മാസങ്ങളിലെയും 2024 ആഗസ്റ്റ് മുതൽ 2025 ഫെബ്രുവരി വരെയുമുള്ള മാസങ്ങളിലെയും കുടിശ്ശിക നൽകാനുണ്ട്. ഈ ഇനത്തിൽ വിതരണം നടത്തുന്നതിനുള്ള തുക പൂർണ്ണമായും സർക്കാർ ധനസഹായത്തോട്ടുകൂടിയാണ് നൽകു ന്നത്.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് 2024 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യാനുണ്ട് .

സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളിൽ നിലവിൽ മൂന്ന് മാസത്തെ പെൻഷൻ തുകയാണ് കുടിശ്ശിക ആയി അനുവദിക്കാനുള്ളത്. ബഹു മുഖ്യമന്ത്രിയുടെ ചട്ടം 300

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ടി കുടിശ്ശിക 2025-26 സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കുടിശ്ശികയുള്ള ബോർഡുകളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2018 വരെയുള്ള അപേക്ഷകർക്കു മാത്രമാണ് നിലവിൽ അധിവർഷാനുകൂല്യം വിതരണം ചെയ്യുന്നതിനു സാധിച്ചിട്ടുള്ളത്. ബോർഡിൽ നിന്നും വിതരണം പൂർത്തിയാക്കാനുള്ള ആനുകൂല്യങ്ങളുടെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ആനുകൂല്യങ്ങൾ | ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണത്തിനാവശ്യമായ തുക | ആനുകൂല്യം ഏത് കാലം വരെ വിതരണം ചെയ്തു. |
|---|---|---|---|
| അധിവർഷാനുകൂല്യം | 3,30,207 | 4,98,61,73,125/- | മാർച്ച് 2018 |
| വിവാഹ ധനസഹായം | 6,912 | 1,60,95,000/- | സെപ്റ്റംബർ 2024 |
| പ്രസവ ധനസഹായം | 4,870 | 7,30,50,000 /- | വയനാട്, കാസർഗോഡ് ജില്ലകളിൽ 2019 വരെയും മറ്റു ജില്ലകളിൽ മാർച്ച് 2024 വരെയുള്ള അപേക്ഷകളിൽ വിതരണംപൂർത്തിയാക്കിയിട്ടുണ്ട്. |

## 2.കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

ബോർഡ് മുഖേന വിതരണം ചെയ്യുന്ന പെൻഷൻ ഒഴികെയുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തു വരുന്നു. പെൻഷൻ 2024 നവംബർ മാസം വരെയാണ് വിതരണം ചെയ്തിട്ടുള്ളത്. 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ 3 മാസങ്ങളിലെ പെൻഷൻ മാത്രമാണ് കുടിശ്ശികയായിട്ടുള്ളത്. ആയത് വിതരണം ചെയ്യുന്നതിനു 1,80,71,000/- രൂപ ആവശ്യമാണ്.

## 3.കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും 2023 ഒക്ടോബർ മാസം വരെയുള്ള പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത്. കൂടാതെ 31.03.2024 വരെയുള്ള കാലയളവിലെ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. 01.04.2023 മുതൽ 31.03.2024 വരെയുള്ള കുടിശ്ശിക ആനുകൂല്യങ്ങളുടെ വിതരണം 2025 ഫെബ്രുവരി മാസത്തിൽ പൂർത്തിയായിട്ടുണ്ട്.

**4.കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്**

ബോർഡിൽ പെൻഷൻ ഒഴികെയുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം നടത്തുന്നുണ്ട്. പെൻഷൻ വിതരണം പൂർണ്ണമായും സർക്കാർ ധനസഹായത്തോടെയാണു നടത്തുന്നത്. 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ 3 മാസങ്ങളിലെ പെൻഷൻ തുകയായ 27,54,40,000/- രൂപ കുടിശ്ശികയാണ്. അവശതാ പെൻഷൻ ഇനത്തിൽ 2023 ഒക്ടോബർ, നവംബർ, ഡിസംബർ, 2024 ജനുവരി, 2024 ആഗസ്റ്റ് മുതൽ 2025 ഫെബ്രുവരി വരെയുള്ള മാസങ്ങളിലെയും കുടിശ്ശിക നൽകുവാനായി ശേഷിക്കുന്നുണ്ട്

**5. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരളാ കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ ആനുകൂല്യ ഇനത്തിൽ 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ 3 മാസങ്ങളിലെ പെൻഷൻ കുടിശ്ശികയാണ് . ആയതു വിതരണം ചെയ്യുന്നതിനു 4,06,67,200/- രൂപ ആവശ്യമാണ്. പെൻഷൻ സർക്കാർ ധനസഹായമുപയോഗിച്ചാണ് വിതരണം ചെയ്യുന്നത്. ബോർഡിൽ നിന്നും വിതരണം ചെയ്യുന്ന മറ്റു ആനുകൂല്യങ്ങളിൽ കുടിശ്ശികയില്ല

**6. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്**

അൺഅറ്റാച്ചഡ്:

തനതു ഫണ്ടിൽ നിന്നും തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നു. തൊഴിലാളികളിൽ നിന്നും അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ യഥാ സമയം അനുവദിച്ചുവരുന്നു. ആനുകൂല്യഅപേക്ഷകളിൽ കുടിശ്ശികയില്ല.

സ്കാറ്റേർഡ്

സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് ആനുകൂല്യഅപേക്ഷകളിൽ നിലവിൽ കുടിശ്ശികയില്ല. ടി തൊഴിലാളികൾക്കു 2024 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുള്ളതാണ്. സർക്കാർ ഫണ്ടുപയോഗിച്ചാണ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്കു പെൻഷൻ വിതരണം ചെയ്യുന്നത് .

**7 .കേരളാ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**

സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കാണ് പെൻഷൻ നൽകി വരുന്നത്. ബോർഡിൽ നിന്നും യഥാസമയം വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട് ബോർഡിൽ നിന്നും വിതരണം ചെയ്യുന്ന മറ്റു ധനസഹായങ്ങളിൽ കുടിശ്ശികയൊന്നുമില്ല

**8. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

ബോർഡിൽ നിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളിൽ പെൻഷൻ, പ്രസവധനസഹായം എന്നിവയിൽ കുടിശ്ശികയുണ്ട്. നിലവിൽ 2024 നവംബർ വരെയുള്ള പെൻഷൻ 2025 ഫെബ്രുവരി മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ 3 മാസങ്ങളിലെ പെൻഷൻ മാത്രമാണ് കുടിശ്ശികയായിട്ടുള്ളത്.

സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്ന മുറയ്ക്കാണ് പ്രസവധനസഹായം വിതരണം ചെയ്യുന്നത്. ഈ ഇനത്തിൽ 4,01,36,000/- രൂപ കുടിശ്ശികയാണ്

**9. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ സമർപ്പിക്കപ്പെട്ട ആനുകൂല്യ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ട്. 2024 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന അവശത പെൻഷൻ 2025 ഫെബ്രുവരി മാസം വരെ വിതരണം ചെയ്തിട്ടുണ്ട്.

**10. കേരള ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

ബോർഡിൽ നിന്നും 2024 സെപ്റ്റംബർ മാസം വരെയുള്ള ആനുകൂല്യങ്ങളും 2025 നവംബർ വരെയുള്ള പെൻഷനും വിതരണം ചെയ്തിട്ടുണ്ട്.

കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ആനുകല്യങ്ങളും | കുടിശ്ശികയും |
|---|---|
| വിദ്യാഭ്യാസാനുകൂല്യം | 5250/- |
| വിവാഹധനസഹായം- | 48,000/- |
| പ്രസാവാനുകൂല്യം | 4,20,000/- രൂപ |
| ചികിത്സാധനസഹായം | 98,105/- |
| മരണാനന്തര ധനസഹായം- | 55,000/- |
| പെൻഷൻ | 59,48,800/-(2025 ഫെബ്രുവരി വരെ) |

**11. കേരളാ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

2024 ഡിസംബർ വരെയുള്ള എല്ലാ ആനുകൂല്യങ്ങളും ബോർഡ് തനതു ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. തനതു ഫണ്ടുപയോഗിച്ച് വിതരണം ചെയ്യുന്ന വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ 2024 ഡിസംബർ വരെ കൊടുത്തു തീർത്തിട്ടുണ്ട്.

## അനുബന്ധം

### 1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2018 വരെയുള്ള അപേക്ഷകർക്കു മാത്രമാണ് നിലവിൽ അധിവർഷാനുകൂല്യം വിതരണം ചെയ്യുന്നതിനു സാധിച്ചിട്ടുള്ളത്. ബോർഡിൽ നിന്നും വിതരണം പൂർത്തിയാക്കാനുള്ള ആനുകൂല്യങ്ങളുടെ കടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ആനുകൂല്യങ്ങൾ | ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണത്തിനാവശ്യമായ തുക | ആനുകൂല്യം ഏത് കാലം വരെ വിതരണം ചെയ്തു. |
|---|---|---|---|
| അധിവർഷാനുകൂല്യം | 3,30,207 | 4,98,61,73,125/- | മാർച്ച് 2018 |
| വിവാഹ ധനസഹായം | 6,912 | 1,60,95,000/- | സെപ്റ്റംബർ 2024 |
| പ്രസവ ധനസഹായം | 4,870 | 7,30,50,000 /- | വയനാട്, കാസർഗോഡ് ജില്ലകളിൽ 2019 വരെയും മറ്റു ജില്ലകളിൽ മാർച്ച് 2024 വരെയുള്ള അപേക്ഷകളിൽ വിതരണംപൂർത്തിയാക്കിയിട്ടുണ്ട്. |

### 2.കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

ബോർഡ് മുഖേന വിതരണം ചെയ്യുന്ന പെൻഷൻ ഒഴികെയുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തു വരുന്നു. പെൻഷൻ 2024 നവംബർ മാസം വരെയാണ് വിതരണം ചെയ്തിട്ടുള്ളത്. 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ 3 മാസങ്ങളിലെ പെൻഷൻ മാത്രമാണ് കടിശ്ശികയായിട്ടുള്ളത്. ആയത് വിതരണം ചെയ്യുന്നതിനു 1,80,71,000/- രൂപ ആവശ്യമാണ്.

### 3.കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും 2023 ഒക്ടോബർ മാസം വരെയുള്ള പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത്. കൂടാതെ 31.03.2024 വരെയുള്ള കാലയളവിലെ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. 01.04.2023 മുതൽ 31.03.2024 വരെയുള്ള കടിശ്ശിക ആനുകൂല്യങ്ങളുടെ വിതരണം 2025 ഫെബ്രുവരി മാസത്തിൽ പൂർത്തിയായിട്ടുണ്ട്.

## 4.കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്

ബോർഡിൽ പെൻഷൻ ഒഴികെയുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം നടത്തുന്നുണ്ട്. പെൻഷൻ വിതരണം പൂർണ്ണമായും സർക്കാർ ധനസഹായത്തോടെയാണു നടത്തുന്നത്. 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ 3 മാസങ്ങളിലെ പെൻഷൻ തുകയായ 27,54,40,000/- രൂപ കുടിശ്ശികയാണ്. അവശതാ പെൻഷൻ ഇനത്തിൽ 2023 ഒക്ടോബർ, നവംബർ, ഡിസംബർ, 2024 ജനുവരി, 2024 ആഗസ്റ്റ് മുതൽ 2025 ഫെബ്രുവരി വരെയുള്ള മാസങ്ങളിലെയും കുടിശ്ശിക നൽകുവാനായി ശേഷിക്കുന്നുണ്ട്

## 5. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരളാ കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ ആനുകൂല്യ ഇനത്തിൽ 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ 3 മാസങ്ങളിലെ പെൻഷൻ കുടിശ്ശികയാണ് . ആയതു വിതരണം ചെയ്യുന്നതിനു 4,06,67,200/- രൂപ ആവശ്യമാണ്. പെൻഷൻ സർക്കാർ ധനസഹായമുപയോഗിച്ചാണ് വിതരണം ചെയ്യുന്നത്. ബോർഡിൽ നിന്നും വിതരണം ചെയ്യുന്ന മറ്റു ആനുകൂല്യങ്ങളിൽ കുടിശ്ശികയില്ല

## 6. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്

അൺഅറ്റാച്ചഡ്:

തനതു ഫണ്ടിൽ നിന്നും തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നു. തൊഴിലാളികളിൽ നിന്നും അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ യഥാ സമയം അനുവദിച്ചുവരുന്നു. ആനുകൂല്യഅപേക്ഷകളിൽ കുടിശ്ശികയില്ല.

സ്കാറ്റേർഡ്

സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് ആനുകൂല്യഅപേക്ഷകളിൽ നിലവിൽ കുടിശ്ശികയില്ല. ടി തൊഴിലാളികൾക്കു 2024 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുള്ളതാണ്. സർക്കാർ ഫണ്ടുപയോഗിച്ചാണ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്കു പെൻഷൻ വിതരണം ചെയ്യുന്നത് .

## 7 .കേരളാ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കാണ് പെൻഷൻ നൽകി വരുന്നത്. ബോർഡിൽ നിന്നും യഥാസമയം വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. ബോർഡിൽ നിന്നും വിതരണം ചെയ്യുന്ന മറ്റു ധനസഹായങ്ങളിൽ കുടിശ്ശികയൊന്നുമില്ല

## 8. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

ബോർഡിൽ നിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളിൽ പെൻഷൻ, പ്രസവധനസഹായം എന്നിവയിൽ കുടിശ്ശികയുണ്ട്. നിലവിൽ 2024 നവംബർ വരെയുള്ള പെൻഷൻ 2025 ഫെബ്രുവരി മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ 3 മാസങ്ങളിലെ പെൻഷൻ മാത്രമാണ് കുടിശ്ശികയായിട്ടുള്ളത്.

സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്ന മുറയ്ക്കാണ് പ്രസവധനസഹായം വിതരണം ചെയ്യുന്നത്. ഈ ഇനത്തിൽ 4,01,36,000/- രൂപ കുടിശ്ശികയാണ്

**9..കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ സമർപ്പിക്കപ്പെട്ട ആനുകൂല്യ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ട് 2024 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന അവശത പെൻഷൻ 2025 ഫെബ്രുവരി മാസം വരെ വിതരണം ചെയ്തിട്ടുണ്ട്.

**10.കേരള ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

ബോർഡിൽ നിന്നും 2024 സെപ്റ്റംബർ മാസം വരെയുള്ള ആനുകൂല്യങ്ങളും 2025 നവംബർ വരെയുള്ള പെൻഷനും വിതരണം ചെയ്തിട്ടുണ്ട്.

കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ആനുകല്യങ്ങളും | കുടിശ്ശികയും |
|---|---|
| വിദ്യാഭ്യാസാനുകൂല്യം | 5250/- |
| വിവാഹധനസഹായം- | 48,000/- |
| പ്രസാവാനുകൂല്യം | 4,20,000/- രൂപ |
| ചികിത്സാധനസഹായം | 98,105/- |
| മരണാനന്തര ധനസഹായം- | 55,000/- |
| പെൻഷൻ | 59,48,800/-(2025 ഫെബ്രുവരി വരെ) |

**11. കേരളാ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

2024 ഡിസംബർ വരെയുള്ള എല്ലാ ആനുകൂല്യങ്ങളും ബോർഡ് തനതു ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. തനതു ഫണ്ടുപയോഗിച്ച് വിതരണം ചെയ്യുന്ന വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ 2024 ഡിസംബർ വരെ കൊടുത്തു തീർത്തിട്ടുണ്ട്.